# Second Terminal Evaluation 2023-24 Class 9 – ജീവശാസ്ത്രം BIOLOGY

| Qn | ഉത്തരസൂചിക **Answer Key** (മലയാളം മീഡിയം) | |
|---|---|---|
| 1<br>3<br>4 | 120/80mmHg 2. ബ്രോങ്കൈറ്റിസ്<br>ആൽബുമിൻ – രക്തസമ്മർദക്രമീകരണം, ഫൈബ്രിനോജൻ – രക്തം കട്ടപിടിക്കൽ.<br>മണ്ണിര, മറ്റുള്ളവയിൽ വൃക്കകൾ ഉണ്ട്. 5. ആൽക്കഹോൾ, $CO_2$ 6. ഹൈഡത്തോഡ്. | **5x1** |
| 7<br>8<br><br>9<br><br>10<br>11<br><br>12<br>13 | യോജിക്കുന്നു, യഥാസമയം മൂത്രമൊഴിക്കുന്നതിലൂടെ മൂത്രപഥത്തിലുള്ള രോഗാണുക്കൾ പുറന്തള്ളപ്പെടുന്നു.<br>a). കഠിനാധ്വാനത്തിലോ മറ്റോ ഏർപ്പെടുമ്പോൾ ഓക്സിജൻ തീർന്നുപോയാൽ ഊർജോൽപാദനത്തിനായി പേശീകോശങ്ങളിൽ അവായുശ്വസനം നടക്കുന്നു. b). ലാക്ടിക് ആസിഡ്.<br>a). പ്രകാശ സംശ്ലേഷണം. b). പ്രകാശ സംശ്ലേഷണം, ശ്വസനം എന്നീ പ്രക്രിയകളിലൂടെ ഓക്സിജന്റെയും $CO_2$ ന്റെയും അളവ് സസ്യങ്ങൾ അന്തരീക്ഷത്തിൽ നിലനിർത്തുന്നുണ്ട്.<br>a). കരൾ. b). അമോണിയ + $CO_2$<br>രക്തത്തിൽനിന്നും ഉണ്ടാകുന്ന ടിഷ്യൂദ്രവം, തിരികെ രക്തത്തിലേക്ക് ആഗിരണം ചെയ്യപ്പെടുകയോ ലിംഫ് ലോമികയിലേക്കു പ്രവേശിച്ച് ലിംഫ് ആയി ഒഴുകുകയോ ചെയ്യുന്നു.<br>A- ആന്തരസമസ്ഥിതിയിൽ വ്യതിയാനം. B- ജലസന്തുലനം. C- ലവണസന്തുലനം D- pH ക്രമീകരണം.<br>ഹീമോഗ്ലോബിൻ തൻമാത്രകൾ ഓക്സിജനെ ഓക്സീഹീമോഗ്ലോബിനായി സംവഹനം ചെയ്യുകയും അതിൽനിന്നും ഓക്സിജൻ ടിഷ്യൂദ്രവത്തിലൂടെ കോശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. | **6x2** |
| 14<br><br><br>15<br><br><br>16<br>17<br><br><br>18<br>19<br>20 | (a). X= വായുഅറ, Y= രക്തലോമിക.<br>(b). വായുഅറകളുടെ ഉൾഭിത്തി സദാ ഈർപ്പമുള്ളതാണ്. വായുഅറകളുടെയും രക്തലോമികകളുടെയും ഭിത്തി ഓരോനിര കോശങ്ങളാൽ നിർമിതവുമാണ്.<br>ലൈസോസൈം – രോഗാണുക്കളെ നശിപ്പിക്കുന്നു.<br>ശ്ലേഷ്മം – ഭക്ഷണം വഴുവഴുപ്പുള്ളതാക്കുന്നു.<br>സലൈവറി അമിലേസ് – അന്നജത്തെ ഭാഗികമായി മാൾട്ടോസാക്കി മാറ്റുന്നു.<br>a). ഹീമോഡയാലിസിസ്. b). ഹെപ്പാരിൻ. c). ഹെപ്പാരിൻ രക്തം കട്ടപിടിക്കുന്നതിനെ തടയുന്നു.<br>a). പ്ലൂറാ ദ്രവം. b). ശ്വാസകോശവും ഔരസാശയഭിത്തിയും തമ്മിലുള്ള ഘർഷണം കുറയ്ക്കുന്നു.<br>c). ശ്വാസോഛ്വാസത്തിന് (ഔരസാശയത്തിന്റെ വ്യാപ്തം കൂടാനും കുറയാനും) ഇന്റർകോസ്റ്റൽ പേശികൾ സഹായിക്കുന്നു.<br>a). കോർട്ടക്സിൽ. b). അഫറെന്റ് വെസൽ. c). ഗ്ലോമറുലസ്.<br>a). ഗ്ലൈക്കോളിസിസ്, ക്രെബ്സ് പരിവൃത്തി. b). മൈറ്റോകോൺഡ്രിയോൺ. c). $CO_2$ ഉം ജലവും.<br>a). സസ്യസ്വേദനം. b). മൂലമർദം, സസ്യസ്വേദനവലിവ്, തൻമാത്രകളുടെ കൊഹിഷനും അഡ്ഹിഷനും.<br>c). സൈലത്തിലെ മൃതകോശങ്ങളായ ട്രക്കീഡുകൾ, വ്യാസം കൂടിയ നീണ്ടപൈപ്പുപോലെയുള്ള വെസലുകൾ എന്നിവയിലൂടെയാണ് ജലസംവഹനം നടക്കുന്നത്. | **5x3** |
| 21<br><br><br><br><br><br><br>22<br><br><br><br>23 | a). 'C' ആകതിയിലുള്ള തരുണാസ്ഥിവലയങ്ങളുള്ളതിനാൽ ശ്വാസനാളം സദാ തുറന്നിരിക്കുന്നു.<br>b). വൈറ്റൽ കപ്പാസിറ്റി കൂടിയാൽ കൂടുതൽ ഓക്സിജൻ ശ്വാസകോശങ്ങളിലേക്കെത്തുന്നു. ഇത് രക്തത്തിലേക്കുള്ള ഓക്സിജൻ വ്യാപനം വർദ്ധിപ്പിക്കുന്നു.<br>c). ഇരുമ്പ് അടങ്ങിയ പ്രോട്ടീനായ ഹീമോഗ്ലോബിനുകളാണ് ഓക്സിജൻ സംവഹനം ചെയ്യുന്നത്.<br>d). ജലത്തിലും കരയിലും ജീവിക്കാൻ കഴിയുന്ന ഉഭയജീവിയായതിനാൽ ശ്ലേഷ്മസ്തരം, ത്വക്ക്, ശ്വാസകോശങ്ങൾ എന്നീ വ്യത്യസ്തതരം ശ്വസനോപാധികൾ തവളയിൽ കാണപ്പെടുന്നു.<br>a). X= ഹെപ്പാറ്റിക് പോർട്ടൽ സിര. Y= ഹെപ്പാറ്റിക് സിര. b). പോർട്ടൽ പര്യയനം.<br>c). ലഘുപോഷകഘടകങ്ങൾക്ക് കരളിൽ വെച്ച് മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കി സംഭരിക്കൽ, ഫാറ്റി ആസിഡിൽനിന്നും ഊർജം സ്വതന്ത്രമാക്കൽ, കൊളസ്ട്രോൾ നിർമാണം തുടങ്ങിയവ ഉദാഹരണം.<br><br><br>Prepared by **Rasheed Odakkal**, GVHSS Kondotty | **2x4**<br><br>**(40)** |